# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 7364. 17..7..2012-ൽ മറുപടിക്ക്

## ക്ഷീരകർഷക ക്ഷേമനിധി വിശദാംശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷക ക്ഷേമ നിധിയിൽ എത്ര അംഗങ്ങൾ ഉണ്ടെന്ന് പറയുമോ; | (എ) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ 2,18,664 പേർ അംഗങ്ങളായിട്ടുണ്ട്. |
| (ബി) പ്രസ്തുത ക്ഷേമ നിധിയിൽ നിന്നും എത്ര പേർക്കാണ് പെൻഷൻ നൽകി വരുന്നത്; | (ബി) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും 33,447 പേർക്കാണ് പെൻഷൻ നല്കി വരുന്നത്. |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി എത്ര പേർക്ക് പെൻഷൻ നൽകിയിട്ടുണ്ട്; | (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം 4209 പേർക്ക് പുതുതായി പെൻഷൻ നല്കിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത ക്ഷേമനിധിയിൽ നിന്നും ക്ഷീരസുരക്ഷാ പദ്ധതി പ്രകാരം 2010-11, 2011-12 എന്നീ വർഷങ്ങളിൽ ക്ഷീരകർഷകർക്ക് നൽകിയ ധനസഹായം എത്രയെന്ന് അറിയിക്കുമോ; | (ഡി) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും ക്ഷീരസുരക്ഷ പദ്ധതി പ്രകാരം 2010-11 ൽ 437 പേർക്ക് 34,92,636/- രൂപയും, 2011-12 ൽ 134 പേർക്ക് 15,39,902/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ഇ) പ്രസ്തുത ക്ഷേമനിധിയിലേക്ക് 2010-11, 2011-12 എന്നീ വർഷങ്ങളിൽ സർക്കാർ നൽകിയ വിഹിതം എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (ഇ) ക്ഷീരസുരക്ഷാ പദ്ധതിക്കായി സർക്കാർ ധനസഹായമായി 2010-11-ൽ 30 ലക്ഷം രൂപയും, 2011-12 ൽ 75 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (എഫ്) ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്ന് പെൻഷൻ നൽകാൻ ഫണ്ട് ഏതൊക്കെ രീതിയിലാണ് സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) ക്ഷീരകർഷകർ, ക്ഷീര സഹകരണ സംഘങ്ങൾ, മേഖലാ യൂണിയനുകൾ എന്നിവർ നല്കുന്ന അംശാദായ വിഹിതം, ക്ഷീരകർഷകർ നൽകുന്ന അംഗത്വ ഫീസ് തുടങ്ങിയവയിൽ നിന്നാണ് പെൻഷൻ നൽകാൻ വേണ്ട ഫണ്ട് സ്വരൂപിക്കുന്നത്. |

സെക്ഷൻ ഓഫീസർ.